## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.28**

**28/05/2019-ൽ മറുപടിയ്ക്ക്**

### ശാസ്ത്ര പഠനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീ.ടി.വി.ഇബ്രാഹിം | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കുട്ടികളിൽ ശാസ്ത്രീയാഭിരുചി വർദ്ധിപ്പിക്കാൻ സർക്കാർ ചെയ്തു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കുട്ടികളിൽ ശാസ്ത്രീയാഭിരുചി വർദ്ധിപ്പിക്കാൻ കേരളാ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ താഴെപറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>1. ശാസ്ത്ര പോഷിണി പദ്ധതിയിലൂടെ ഹൈസ്കൂൾ തലത്തിൽ ശാസ്ത്ര പരീക്ഷണ ശാലകൾ സ്ഥാപിച്ചു നൽകി പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നു.<br><br>2. സ്കീം ഫോർ പ്രൊമോട്ടിംഗ് യംഗ് ടാലന്റ്സ് ഇൻ സയൻസ് (SPYTIS) എന്ന പദ്ധതി വഴി എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ കുട്ടികൾക്കും പോളിടെക്നിക് ബിരുദ വിദ്യാർത്ഥികൾക്കും നവീനമായ ശാസ്ത്ര പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ധന സഹായം നൽകി വരുന്നു.<br><br>3. ദേശീയ ശാസ്ത്ര ദിനാഘോഷം, ദേശീയ ടെക്നോളജി ദിനാഘോഷം, ലോക പരിസ്ഥിതി ദിനാഘോഷം തുടങ്ങിയവ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കാനായി എല്ലാ വർഷവും നടപ്പിലാക്കി വരുന്നു. ഇതിനോടനുബന്ധിച്ച് സെമിനാറുകൾ, ക്വിസ് പ്രോഗ്രാമുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.<br><br>4. ക്രാഫ്റ്റിംഗ് യംഗ് സയന്റിസ്റ്റ് ഓഫ് റ്റുമോറോ [Crafting Young Scientists of Tomorrow (CRYSTAL)] പദ്ധതിയിൽ സ്കൂൾ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുകയും അവർക്ക് താൽപര്യമുള്ള മേഖല തിരിച്ചറിഞ്ഞ് തുടർ പഠനത്തിനുള്ള മാർഗനിർദ്ദേശവും പ്രോത്സാഹനവും നൽകുകയും ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | 5. ക്ലാസ് മുറി പഠനത്തിനുപുറമേ കുട്ടികളിൽ അവരുടെ ശാസ്ത്രാഭിരുചി തിരിച്ചറിയാനും പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പഠനം രസകരമാക്കുന്നതിനും വേണ്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് സയൻസ് എഡ്യൂക്കേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്. എല്ലാ വർഷവും കേരളത്തിലെ വിവിധ ശാസ്ത്ര സ്ഥാപനങ്ങളുമായി ചേർന്ന് കുട്ടികൾക്കായി സയൻസ് ഓറിയന്റേഷൻ ക്ലാസ്സുകൾ "ശാസ്ത്ര സമീക്ഷ" എന്ന പേരിൽ സംഘടിപ്പിക്കുന്നു.<br><br>6. കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കേന്ദ്രശാസ്ത്ര സാങ്കേതിക വകുപ്പുമായി ചേർന്ന് ദേശീയ ബാല ശാസ്ത്ര കോൺഗ്രസ് എല്ലാ വർഷവും സംയുക്തമായി സംഘടിപ്പിക്കുന്നു.<br><br>7. വിദ്യാർത്ഥികളെ തുടർ പഠനത്തിന് പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ കേരളത്തിൽ പ്ലസ് 2 ഉന്നത നിലവാരത്തിൽ വിജയിക്കുകയും സയൻസ് വിഷയങ്ങളിൽ ബിരുദപഠനത്തിന് പ്രവേശനം നേടുകയും ചെയ്യുന്നവർക്ക് പ്രതിഭാ സ്കോളർഷിപ്പ് നൽകി വരുന്നു.<br><br>8. സംസ്ഥാനത്തെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ശാസ്ത്രാവബോധം വളർത്തുന്നതിനും ശാസ്ത്രാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്ര പഠനത്തിനുള്ള കഴിവുകൾ കണ്ടെത്തി അവരെ പ്രതിഭകളാക്കുക എന്ന ലക്ഷ്യത്തോടെയും സംസ്ഥാനത്തെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ ശാസ്ത്രബോധിനി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>9. കുട്ടികളിൽ പാരിസ്ഥിതിക/ശാസ്ത്ര അവബോധം വളർത്തുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദേശീയ ഹരിത സേന. കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 3500 വിദ്യാലയങ്ങളിൽ പ്രസ്തുത പരിപാടി നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ കേരളാ സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സഹായത്തോടെ സ്റ്റേറ്റ് എക്കോ ക്ലബ് എന്ന പദ്ധതിയും 2250 വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | ശാസ്ത്ര പഠനം മെച്ചപ്പെടുത്താനായി പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ശാസ്ത്ര പഠനം മെച്ചപ്പെടുത്തുന്നതിനായി പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനു വേണ്ട ആശയനയ രൂപീകരണ പ്രക്രിയ അതിന്റെ പ്രാരംഭ ദശയിലാണ്. |
| (സി) | ശാസ്ത്രജ്ഞന്മാർക്ക് സർക്കാർ ഏതെങ്കിലും തരത്തിലുള്ള ഫെലോഷിപ്പുകളോ സ്കോളർഷിപ്പുകളോ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | • ജോലിയിൽ നിന്നും വിരമിച്ച പ്രഗത്ഭരായ കേരളീയ ശാസ്ത്രജ്ഞന്മാർക്ക് തുടർഗവേഷണം നടത്തുവാനും അവരുടെ കഴിവുകളെ പുതിയ തലമുറയിലേക്ക് പകർന്നു കൊടുക്കുവാനും ഉതകുന്ന ഒരു പ്രത്യേക സ്കീം ആണ് കെ.എസ്.സി.എസ്.റ്റി.ഇ. എമിററ്റ്സ് സയന്റിസ്റ്റ് സ്കീം<br><br>• സയൻസ് വിഷയങ്ങളിലോ എഞ്ചിനീയറിംഗിലോ ഗവേഷണ ബിരുദം നേടിയിട്ടുള്ള കേരളീയരായ ഗവേഷകർക്ക് അതാത് വിഷയങ്ങളിൽ തുടർ ഗവേഷണം നടത്തുവാൻ വേണ്ടി പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് നൽകുന്നു. |
| (ഡി) | സംസ്ഥാനത്തെ ശാസ്ത്ര പഠന കേന്ദ്രങ്ങൾക്ക് ദേശീയ, അന്തർദേശീയ ശാസ്ത്ര പഠന സ്ഥാപനങ്ങളുമായുള്ള ബന്ധം വിശദമാക്കാമോ ? | (ഡി) | സംസ്ഥാനത്തെ ശാസ്ത്ര പഠന കേന്ദ്രങ്ങൾ ദേശീയ-അന്തർദേശീയ ശാസ്ത്ര പഠന സ്ഥാപനങ്ങളുമായി വിവിധതരം ഗവേഷണ വികസന പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.<br><br>• രാജ്യത്തെ പ്രമുഖ ഐ.ഐ.ടി.കൾ, എൻ.ഐ.ടി.കൾ, ഐസർ, സി.എസ്.ഐ.ആർ. ലാബുകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജി (ഹൈദ്രാബാദ്), നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി (ഹൈദ്രാബാദ്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക് ആൻഡ് ട്രീ ബ്രീഡിങ് (കോയമ്പത്തൂർ), ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (കൊൽക്കത്ത), കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ്, സെൻട്രൽ വാട്ടർ കമ്മീഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി, ഐ.എസ്.ആർ.ഒ., നാഗാലാന്റ് സർവ്വകലാശാല, ദേശീയ സുഗന്ധദ്രവ്യ ഗവേഷണ കേന്ദ്രം, വനം വകുപ്പ് (ആൻ്റമാൻ നിക്കോബാർ) തുടങ്ങിയ വിവിധ സ്ഥാപനങ്ങളുമായി ദേശീയ തലത്തിൽ സഹകാരിക ഗവേഷണ-പഠന-വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | • അന്തർദേശീയ തലത്തിൽ എയ്ഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ, അന്തർ ദേശീയ ടീക്കെറ്റ്, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (മ്യാന്മാർ), നേപ്പാൾ വനം വകുപ്പ്, മാലിദ്വീപ് മൽസ്യമന്ത്രാലയം, ബെൽജിയത്തിലെ ഗെന്റ് സർവ്വകലാശാല, റഷ്യൻ അക്കാദമി ഓഫ് സയൻസ്, വെറ്റ് ലാൻഡ് ഇന്റർനാഷണൽ സൗത്ത് ഏഷ്യ, അമേരിക്കയിലെ മേരിലാൻഡ് സർവ്വകലാശാല, കാനഡയിലെ മക് മാസ്റ്റർ സർവകലാശാല, കോഹിലിയ സർവ്വകലാശാല (മെക്സിക്കോ) തുടങ്ങിയ വിവിധ അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകാരിക-പഠന-ഗവേഷണ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ